www.prepp.in

Prepp
Your Personal Exams Guide



M-ESC-D-MLY

# മലയാളം / MALAYALAM

## പേപ്പർ II / Paper II

## (സാഹിത്യം) / ( LITERATURE )

സമയം : **മൂന്ന്** മണിക്കൂർ
Time Allowed : **Three** Hours

പരമാവധി മാർക്ക് : **250**
Maximum Marks : **250**

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ്.

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്. ശേഷിക്കുന്ന **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ**ത്തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളു. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ട് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### QUESTION PAPER SPECIFIC INSTRUCTIONS

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Questions no. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

www.prepp.in

## SECTION A

**Q1.** **സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കുകളിൽ കവിയരുത് :** *10×5=50*

(a) ഊനമറ്റെഴുമി രാമചരിതത്തിലൊരു തെ-
ല്ലൂഴിയിൽ ചെറിയവർക്കറിയുമാറുരചെയ്‌വാൻ
നാനുടക്കിനതിനേണ നയനേ, നടമിടെൻ
നാവിലിച്ചയൊടു വച്ചടിയിണക്കമലതാർ. 10

(b) "കാളംപോലേ കുസുമധനുഷോ ഹന്ത ! പൂങ്കോഴി കൂകി
ചോളംപോലേ ചെതറി വിളറീ താരകാണാം നികായം
താളംപോലേ പുലരിവനിതയ്ക്കാഗതൗ ചന്ദ്രസൂര്യൗ
നാളംപോലേ നളിനകുഹരാദുദ്ഗതാ ഭൃംഗരാജിഃ" 10

(c) "പൊടിയോ മറ്റോ വീണോ കണ്ണി ? ... ലിന്നെന്താ വെള്ളം
പൊടിയാൻ ? ചൂൽ കാണിച്ചിട്ടേറെനാളായീ മച്ചിൽ." 10

(d) ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെ പോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോക രഹസ്യമാർക്കുമേ. 10

(e) ഇത്തിരിപ്പോന്നൊരു വെൺകുളിർ
കല്ലേറ്റ് ഭിത്തി പൊടിഞ്ഞു തകരുന്ന മാത്രയിൽ
കണ്ണാടി മാളികയിൽ ഉറങ്ങിക്കിട-
ക്കുന്നോരുണ്ണിപോൽ ഞാനൊന്നു ഞെട്ടിത്തരിച്ചുപോയ്. 10

**Q2.** (a) ഭാഷയെ നിജപ്പെടുത്തുന്നതിൽ നിരണം കൃതികൾ നൽകിയ സംഭാവനകൾ 'കണ്ണശ്ശരാമായണം' ബാലകാണ്ഡത്തെ ആസ്പദമാക്കി ചർച്ചചെയ്യുക. 20

(b) ഒരു സാഹിത്യപ്രസ്ഥാനമെന്ന നിലയിൽ കിളിപ്പാട്ടിന്റെ വളർച്ചയിൽ എഴുത്തച്ഛന്റെ 'മഹാഭാരത'ത്തിന്റെ സ്ഥാനം 'ഭീഷ്മപർവ്വ'ത്തെ അടിസ്ഥാനമാക്കി ചർച്ചചെയ്യുക. 15

(c) 'ഉണ്ണുനീലി സന്ദേശ'ത്തിന്റെ ആസ്വാദ്യതയ്ക്കു് അടിസ്ഥാനം അതിലെ അലങ്കാര കല്പനകളാണു്. ചർച്ചചെയ്യുക. 15

www.prepp.in

Prepp
Your Personal Exams Guide

**Q3.** (a) നാടകീയ സ്വഗതാഖ്യാനം എന്ന നിലയിൽ 'ചിന്താവിഷ്ടയായ സീത' എന്ന കൃതിയ്ക്കു് ഒരു ആസ്വാദനം തയ്യാറാക്കുക. *20*

(b) 'തീവണ്ടിയിലെ പാട്ട്' എന്ന കവിതയുടെ സാംസ്കാരിക പശ്ചാത്തലം വിവരിക്കുക. *15*

(c) ഇന്നും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലാത്ത ഒരുജ്ജ്വല നാടകീയ ഭാവകാവ്യമാണു് 'കുടിയൊഴിക്കൽ'. ചർച്ചചെയ്യുക. *15*

**Q4.** (a) "കുരുക്ഷേത്രം എന്ന ആദിരൂപത്തിലേക്കു് കാലികപ്രശ്നങ്ങൾ ഉൾക്കൊള്ളിക്കാനുള്ള ശ്രമത്തിൽ കവിത പൊയ്പോയി" എന്ന വാദം സ്വീകാര്യമാണോ ? പരിശോധിക്കുക. *20*

(b) "വനനശീകരണംകൊണ്ടുള്ള പ്രാദേശികദുരന്തത്തിന്റെ ചിത്രം മാത്രമല്ല, മനുഷ്യവർഗ്ഗത്തിന്റെ പരമവിനാശത്തിന്റെ ചിത്രം കൂടിയാണ് 'ഭൂമിക്കൊരു ചരമഗീതം'." ചർച്ചചെയ്യുക. *15*

(c) 'മേഘരൂപൻ'എന്ന കവിതയിൽ പി. കുഞ്ഞിരാമൻ നായരുടെ വ്യക്തിത്വം അനാവൃതമാകുന്നുണ്ടോ ? നിരീക്ഷിക്കുക. *15*

www.prepp.in

Prepp
Your Personal Exams Guide

## SECTION B

**Q5.** **താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കുകളിൽ കവിയരുത് :** *10×5=50*

(a) "ശൈലീവിശേഷതകളാണ് 'ഖസാക്കിന്റെ ഇതിഹാസ'ത്തെ ശ്രദ്ധേയമാക്കുന്നത് ." നിരൂപിക്കുക. *10*

(b) കറുത്തമ്മയുടെ വ്യക്തിത്വം വേണ്ടവിധത്തിൽ പ്രകടമാക്കാൻ തകഴി ശ്രമിച്ചിട്ടില്ല എന്ന ആരോപണത്തിൽ കഴമ്പുണ്ടോ ? വ്യക്തമാക്കുക. *10*

(c) 'ഇന്ദുലേഖ'യിലൂടെ സാമൂഹിക പരിഷ്കാരങ്ങൾക്കു ബീജാവാപം ചെയ്തു ചന്തുമേനോൻ. പരിശോധിക്കുക. *10*

(d) മഹാഭാരതകഥയിലെ അസാമാന്യ തേജസ്വിയായി മാരാർ കർണ്ണനെ അവരോധിച്ചതിലെ യുക്തി എന്ത് ? *10*

(e) നാടക നിഷേധപരമായ നാടകമാണ് സി.ജെ. തോമസ്സിന്റെ '1128-ൽ ക്രൈം 27'. പരിശോധിക്കുക. *10*

**Q6.** (a) മലയാള നോവൽ സാഹിത്യ ചരിത്രത്തിൽ ഇന്ദുലേഖയ്ക്കുള്ള സ്ഥാനം അടയാളപ്പെടുത്തുക. *20*

(b) "ഒരു സംഘമെന്ന നിലയിൽ മുക്കുവരുടെ ദൈനംദിന പ്രവർത്തനങ്ങൾ സജീവമായി ചിത്രീകരിക്കുന്നതിൽ തകഴി അസൂയാർഹമായ വിജയം നേടിയിട്ടുണ്ട്." നിരൂപിക്കുക. *15*

(c) "രവിയുടെ പാപം അയാളുടെ ദൗർബല്യമാണ്, അതിന്റെ ഏറ്റുപറയൽ അയാളുടെ പ്രാർത്ഥനയും." 'ഖസാക്കിന്റെ ഇതിഹാസ'ത്തിലെ നായകനെക്കുറിച്ചുള്ള ഈ പ്രസ്താവം വിലയിരുത്തുക. *15*

www.prepp.in

Prepp
Your Personal Exams Guide

**Q7.** (a) "മരിക്കുന്നവനെ സംബന്ധിച്ചിടത്തോളം മരണം ഒരു ഫലിതമാണെന്നും മറ്റുള്ളവർക്കു് അത് പലതരം അനുഭവങ്ങളായേക്കാമെന്നും വ്യക്തമാക്കിത്തരുന്ന ഒരു നാടകമാണ് '1128-ൽ ക്രൈം 27'." നിരൂപിക്കുക. *20*

(b) കഥയുടെ അന്തരീക്ഷ സൃഷ്ടിയിൽ എം.ടി. പുലർത്തുന്ന സൂക്ഷ്മത 'വാനപ്രസ്ഥം' എന്ന കഥയിൽ എങ്ങനെ വെളിപ്പെടുന്നു ? വിശദമാക്കുക. *15*

(c) കഥാപാത്രാവിഷ്കരണത്തിലും അന്തരീക്ഷചിത്രീകരണത്തിലും ഏറെ ശ്രദ്ധിക്കുന്ന ഒരു ചെറുകഥാകൃത്താണ് എൻ.എസ്. മാധവൻ എന്ന് 'ഹിഗ്വിറ്റ'യിലെ കഥകളെ അടിസ്ഥാനമാക്കി പറയാമോ ? പരിശോധിക്കുക. *15*

**Q8.** (a) 'ഭാരത പര്യടനത്തിലെ ഭീഷ്മരുടെ ധർമ്മനിശ്ചയം' എന്ന അദ്ധ്യായത്തിൽ മനുഷ്യന്റെ ധർമ്മസങ്കടങ്ങളാണു് മാരാർ വിശദീകരിക്കുന്നത്. ചർച്ചചെയ്യുക. *20*

(b) "രാമൻ ചെയ്തതു് ഗുരുനിന്ദയാണു്. ഉമിത്തീയിൽ ദഹിച്ചാലും തീരാത്ത പാപകർമ്മമാണതു്." 'കണ്ണീരും കിനാവും' എന്ന കൃതിയിൽ പരാമൃഷ്ടമാകുന്ന ആ ഗുരുനിന്ദയെന്ത് ? *15*

(c) 'ചങ്ങമ്പുഴ കൃഷ്ണപിള്ള നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന ഗ്രന്ഥനാമം ആ കൃതിക്കു് അന്വർത്ഥമാണോ എന്ന് പരിശോധിക്കുക. *15*

Prepp
Your Personal Exams Guide